**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3146** **26-06-2024 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് റോഡ് നിർമ്മാണത്തിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ്,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് റോഡ് നിർമ്മാണം നീണ്ടുപോകുന്നത് കടുത്ത പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | കേരള റോഡ് ഫണ്ട് ബോർഡ് മുഖാന്തിരം 12 സ്മാർട്ട് റോഡുകളും 28 റോഡുകളുടെ റീസർഫസിംഗ് പ്രവൃത്തികളുമാണ് സ്മാർട്ട് സിറ്റി പദ്ധതിയിൽ നടപ്പിലാക്കുന്നത്. കരാർ പ്രകാരം ഓരോ റോഡുകൾക്കും പൂർത്തീകരണ കാലാവധി വ്യത്യസ്തമായിരുന്നുവെങ്കിലും ഇതുവരെ 38 റോഡുകൾ ഗതാഗതത്തിന് തുറന്ന് കൊടുത്തിട്ടുണ്ട്. ഇതിൽ 27 റോഡുകൾ മാർച്ച് മാസത്തിനുള്ളിൽ തുറന്ന് കൊടുത്തിരുന്നു. റീസർഫസിംഗിൽ ഉൾപ്പെട്ട 28 റോഡുകളിൽ 3 റോഡുകൾ സ്മാർട്ട് റോഡാക്കാൻ ആവശ്യം വന്നതിനാൽ ആ പ്രവൃത്തി നിലവിൽ ഏറ്റെടുത്തിട്ടില്ല.<br><br>പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ റോഡുകളിലും ഓടകൾക്കു പുറമെ ഡെക്റ്റും ചേംബറും നിർമ്മിക്കാൻ ആഴത്തിൽ എസ്കവേഷൻ നടത്തേണ്ടതാണ്. വീതി കുറഞ്ഞ റോഡുകളിൽ നിലവിൽ ഉള്ള ലൈവ് യൂട്ടിലിറ്റി ലൈനുകൾ തകരാറിൽ ആകാതെ കുഴി എടുക്കുക എന്നത് വളരെ വെല്ലുവിളി ആയിരുന്നു. വ്യത്യസ്ത കാലഘട്ടങ്ങളിൽ മാനദണ്ഡങ്ങൾ പാലിക്കാതെ ഇട്ടിരിക്കുന്ന ലൈനുകളിൽ അപ്രതീക്ഷമായി തകരാറു സംഭവിക്കുകയും തൻമൂലം പദ്ധതി നിർവ്വഹണം തടസമാകുന്നതും പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്. കൂടാതെ ദുരന്ത നിവാരണ അധികാരിയുടെ നിർദ്ദേശ പ്രകാരം അധിക പ്രവർത്തികൾ നടപ്പിലാക്കേണ്ടി വന്നതും, പദ്ധതി വൈകാൻ ഇടയാക്കി. |
| (ബി) | 2024 മാർച്ചിൽ പ്രസ്തുത നിർമ്മാണപ്രവൃത്തി പൂർത്തിയാക്കണം എന്ന നിബന്ധന കരാർ കമ്പനിക്ക് ഇളവ് ചെയ്തുനൽകിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ; | (ബി) | കേരള റോഡ് ഫണ്ട് ബോർഡ് മുഖാന്തിരം 12 സ്മാർട്ട് റോഡുകളും 28 റോഡുകളുടെ റീസർഫസിംഗ് പ്രവൃത്തികളുമാണ് സ്മാർട്ട് സിറ്റി പദ്ധതിയിൽ നടപ്പിലാക്കുന്നത്. കരാർ പ്രകാരം ഓരോ റോഡുകൾക്കും പൂർത്തീകരണ കാലാവധി |

| | | | |
|---|---|---|---|
| | | | വ്യത്യസ്തമായിരുന്നുവെങ്കിലും ഇതുവരെ 38 റോഡുകൾ ഗതാഗതത്തിന് തുറന്ന് കൊടുത്തിട്ടുണ്ട്. ഇതിൽ 27 റോഡുകൾ മാർച്ച് മാസത്തിനുള്ളിൽ തുറന്ന് കൊടുത്തിരുന്നു. റീസർഫസിംഗിൽ ഉൾപ്പെട്ട 28 റോഡുകളിൽ 3 റോഡുകൾ സ്മാർട്ട് റോഡാക്കാൻ ആവശ്യം വന്നതിനാൽ ആ പ്രവൃത്തി നിലവിൽ ഏറ്റെടുത്തിട്ടില്ല.<br><br>പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ റോഡുകളിലും ഓടകൾക്കു പുറമെ ട്രെഞ്ചും ചേംബറും നിർമ്മിക്കാൻ ആഴത്തിൽ എസ്കവേഷൻ നടത്തേണ്ടതാണ്. വീതി കുറഞ്ഞ റോഡുകളിൽ നിലവിൽ ഉള്ള ലൈവ് യൂട്ടിലിറ്റി ലൈനുകൾ തകരാറിൽ ആകാതെ കുഴി എടുക്കുക എന്നത് വളരെ വെല്ലുവിളി ആയിരുന്നു. വ്യത്യസ്ത കാലഘട്ടങ്ങളിൽ മാനദണ്ഡങ്ങൾ പാലിക്കാതെ ഇട്ടിരിക്കുന്ന ലൈനുകളിൽ അപ്രതീക്ഷമായി തകരാറു സംഭവിക്കുകയും തൻമൂലം പദ്ധതി നിർവ്വഹണം തടസമാകുന്നതും പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്. കൂടാതെ ദുരന്ത നിവാരണ അധികാരിയുടെ നിർദ്ദേശ പ്രകാരം അധിക പ്രവർത്തികൾ നടപ്പിലാക്കേണ്ടി വന്നതും, പദ്ധതി വൈകാൻ ഇടയാക്കി. |
| (സി) | പ്രസ്തുത നിർമ്മാണപ്രവൃത്തി 2024 മെയ് 15 നുള്ളിൽ പൂർത്തീകരിക്കും എന്ന ഉറപ്പ് പാലിക്കുവാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കുമോ? | (സി) | കേരള റോഡ് ഫണ്ട് ബോർഡ് മുഖാന്തിരം 12 സ്മാർട്ട് റോഡുകളും 28 റോഡുകളുടെ റീസർഫസിംഗ് പ്രവൃത്തികളുമാണ് സ്മാർട്ട് സിറ്റി പദ്ധതിയിൽ നടപ്പിലാക്കുന്നത്. കരാർ പ്രകാരം ഓരോ റോഡുകൾക്കും പൂർത്തീകരണ കാലാവധി വ്യത്യസ്തമായിരുന്നുവെങ്കിലും ഇതുവരെ 38 റോഡുകൾ ഗതാഗതത്തിന് തുറന്ന് കൊടുത്തിട്ടുണ്ട്. ഇതിൽ 27 റോഡുകൾ മാർച്ച് മാസത്തിനുള്ളിൽ തുറന്ന് കൊടുത്തിരുന്നു. റീസർഫസിംഗിൽ ഉൾപ്പെട്ട 28 റോഡുകളിൽ 3 റോഡുകൾ സ്മാർട്ട് റോഡാക്കാൻ ആവശ്യം വന്നതിനാൽ ആ പ്രവൃത്തി നിലവിൽ ഏറ്റെടുത്തിട്ടില്ല.<br><br>പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ റോഡുകളിലും ഓടകൾക്കു പുറമെ ട്രെഞ്ചും ചേംബറും നിർമ്മിക്കാൻ ആഴത്തിൽ എസ്കവേഷൻ നടത്തേണ്ടതാണ്. വീതി കുറഞ്ഞ റോഡുകളിൽ നിലവിൽ ഉള്ള ലൈവ് യൂട്ടിലിറ്റി ലൈനുകൾ തകരാറിൽ ആകാതെ കുഴി എടുക്കുക എന്നത് വളരെ വെല്ലുവിളി ആയിരുന്നു. വ്യത്യസ്ത കാലഘട്ടങ്ങളിൽ മാനദണ്ഡങ്ങൾ പാലിക്കാതെ ഇട്ടിരിക്കുന്ന ലൈനുകളിൽ അപ്രതീക്ഷമായി തകരാറു സംഭവിക്കുകയും തൻമൂലം പദ്ധതി നിർവ്വഹണം തടസമാകുന്നതും പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്. കൂടാതെ ദുരന്ത നിവാരണ |

| | | | |
|---|---|---|---|
| | | | അധികാരിയുടെ നിർദ്ദേശ പ്രകാരം അധിക പ്രവർത്തികൾ നടപ്പിലാക്കേണ്ടി വന്നതും, പദ്ധതി വൈകാൻ ഇടയാക്കി. |

സെക്ഷൻ ഓഫീസർ